ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരമുള്ള സ്റ്റാർ ഹോട്ടലുകൾക്ക് പരമാവധി അഞ്ചു വർഷത്തേക്കാണ് ഇളവ് ലഭിക്കുക. ഉപഭോക്താവ് വാണിജ്യ നിരക്കിൽ വൈദ്യുതി ചാർജ് ബോർഡിൽ അടയ്ക്കുന്നു. വ്യവസായ നിരക്കിനേക്കാൾ അധികമായി ഉപഭോക്താവ് ബോർഡിൽ അടച്ചിട്ടുള്ള തുക ടൂറിസം വകുപ്പ് ഇളവായി ഈ സ്ഥാപനങ്ങൾക്ക് തിരികെ നൽകുകയാണ് ചെയ്യാറ്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മിനിമം ഗ്യാരൻറി എഗ്രിമെൻറ് പ്രകാരമുള്ള പ്രവൃത്തികൾ

17 [2006] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-12-2002-നു മുമ്പ് ഒപ്പുവച്ച ഏതൊക്കെ മിനിമം ഗ്യാരൻറി എഗ്രിമെൻറ് പ്രകാരമുള്ള പ്രവൃത്തികളാണ് കാസർഗോഡ് ജില്ലയിലെ ഉദുമ, കുറ്റിക്കോൽ, ചിത്താരി, ചെർക്കള, മുള്ളേരിയ വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ ഉള്ളതെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ ഏതൊക്കെ പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും അവ ഓരോന്നും എപ്പോൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുവെന്നും അറിയിക്കാമോ;

(സി) ഇവയിൽ മെറ്റീരിയൽസിന്റെ ക്ഷാമം മൂലം പൂർത്തിയാക്കാൻ സാധിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 31-12-2002-ന് മുമ്പ് ഒപ്പുവച്ച മിനിമം ഗ്യാരൻറി എഗ്രിമെൻറ് പ്രകാരമുള്ള പ്രവൃത്തികൾ താഴെപ്പറയും പ്രകാരമാണ്:

നോർമൽ എൽ. ഇ. ജോലികൾ:

ചെർക്കള	..	2
മുള്ളേരിയ	..	6
ഉദുമ	..	ഇല്ല
ചിത്താരി	..	ഇല്ല

അഗ്രികൾച്ചർ എൽ. ഇ. ജോലികൾ:

കുറ്റിക്കോൽ	..	15
മുള്ളേരിയ	..	1
ഉദുമ	..	ഇല്ല
ചിത്താരി	..	ഇല്ല

(ബി, സി) ടി ജോലികൾ RGGVY (രാജീവ് ഗാന്ധി ഗ്രാമീണ വിദ്യുത് കരൺ പദ്ധതി) യിൽപ്പെടുത്തി കഴിവതും വേഗം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly